നം.കെഎസ്എ-കെടിഎം.പി.5-991/2017 തീയതി-17.07.2017

# കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13,**
**1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.**)**

കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.11.2016 മുതൽ 30.05.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുളള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 20 നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചു. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)**ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.06.2017- 22.06.2017 |
| ഉദ്യോഗസ്ഥർ | ശ്രീ.നടരാജൻ.പി.ബി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>ശ്രീമതി ദർശന.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.രഞ്ജിത്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി ജയകുമാരിഅമ്മ.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി ഷൈനി കുന്നിനിയിൽ | 01.04.2016- 31.03.2017 |
| സെക്രട്ടറി | ശ്രീ.എസ്.രാജഗോപാൽ | 01.04.2016-23.04.2016 |
| | ശ്രീമതി ഷോളി ഫിലിപ്പ് (അധിക ചുമതല) | 24.04.2016-16.05.2016 |
| | ശ്രീ.എസ്.രാജഗോപാൽ | 17.05.2016-16.07.2016 |
| | ശ്രീമതി ഷോളി ഫിലിപ്പ് | 17.07.2016-22.12.2016 |
| | ശ്രീ.എച്ച്.മുഹമ്മദ് സലിം | 23.12.2016-31.03.2017 |

നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ഷോളി ഫിലിപ്പ്<br>ശ്രീമതി നിമ്മി ജേക്കബ് | 01.04.2016- 12.02.2017<br>13.02.17-31.03.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.അജയകുമാർ.പി. | 01.04.2016- 31.03.2017 |
| കൃഷി ഓഫീസർ | ശ്രീമതി സ്നേഹലതാ മാത്യു | 01.04.2016- 31.03.2017 |
| വി.ഇ.ഒ | ശ്രീ.മുഹമ്മദ് ഷാഫി | 01.04.2016- 7.12.2016 FN |

| | | |
|---|---|---|
| | ശ്രീ.മനോജ്.ആർ.എസ്. | 07.12.16 AN-23.03.17 FN |
| | ശ്രീ.ഉണ്ണീഷ്.സി.പി | 24.03.17-31.03.17 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ദീപ്തി.വി | 01.04.2016- 31.03.2017 |
| എച്ച് എം | ശ്രീമതി.ജാസ്മിൻ. | 01.04.2016- 31.03.2017 |
| വെറ്ററിനറി സർജൻ | ഡോ.പ്രമാ സ്റ്റെല്ലാ ഭായി | 01.04.2016- 31.03.2017 |
| മെഡിക്കൽ ഓഫീസർ, പി എച്ച് സി | ഡോ. വിദ്യ.എൽ.എം | 01.04.2016-31.03.2017 |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീ,സന്തോഷ് തോമസ് | 01.04.2016-31.03 .2017 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ബേനസീർ.കെ.ഐ | 01.04.2016- 31.03.2017 |

ഉള്ളടക്കം


| ഭാഗം 1--പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|
| ബജറ്റ് | 1-1 |
| വാർഷിക ധനകാര്യപത്രിക | 1-2 |
| വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| സാമ്പത്തിക വിശകലനം | 1-4 |
| ഫണ്ട് വിനിയോഗം | 1-5 |
| പദ്ധതി അവലോകനം | 1-6 |
| തനത് വരുമാനം | 1-7 |
| ക്ഷേമപദ്ധതികൾ | 1-8 |
| ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| ആഭ്യന്തരനിയന്ത്രണം | 1-10 |
| മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം 2--വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| വാർഷിക കണക്കുകളുടെ പരിശോധനയും അവലോകനവും | 2-1 |
| വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത | 2-2-1 |
| അർഹതയില്ലാത്തവർക്ക് വസ്തുനികുതി ഇളവ് നൽകി | 2-2-2 |
| മൊബൈൽ ടവറുകളുടെ വസ്തുനികുതി പുതുക്കിയ നിരക്കിൽ ഈടാക്കിയിട്ടില്ല | 2-2-3 |

| | |
|---|---|
| സങ്കേതം സോഫ്റ്റ്വെയർ വിന്യസിച്ചതിലെ പിഴവുകൾ--പെർമിറ്റ്/ക്രമവൽക്കരണ ഫീ ഈടാക്കിയതിൽ കുറവ് | 2-3 |
| ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-4 (1) |
| സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-4(2) |
| മണിമല ടൗണിൽ പാട്ടത്തിന് നൽകിയിരിക്കുന്ന വിവിധ പ്ലോട്ടുകളിൽ നിന്നും സെക്യൂരിറ്റി നിക്ഷേപം ഈടാക്കുന്നില്ല | 2-5(1) |
| ഷോപ്പിംഗ് കോംപ്ലക്സ്--സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല | 2-5(2 ) |
| ലേല നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ചില്ല--ആഞ്ഞിലി മരം ഉപയോഗശൂന്യമായി നശിച്ചു | 2-6 |
| ഡി ആന്റ് ഒ ലൈസൻസ് അപേക്ഷ പൂർണ്ണമല്ല | 2-7(1) |
| ദിവസ വിറ്റ വരവ് കണക്കാക്കി ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-7(2) |
| പരസ്യ നികുതി ഈടാക്കുന്നില്ല | 2-8 |
| ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| കല്ലംമാക്കൽ--അംബേദ്കർ കോളനിയിലേയ്ക്ക് സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ--സ്ട്രീറ്റ് ലൈറ്റ് ഇൻസ്റ്റാൾ ചെയ്തതിന്റെ രേഖയില്ല | 3-1 |
| എസ്.സി/എസ്.റ്റി. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പി.വി.സി. ടാങ്ക് വാങ്ങുന്നതിന് സബ്സിഡി--സബ്സിഡി മാർഗ്ഗരേഖ പാലിച്ചിട്ടില്ല | 3-2 |
| പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കുടുംബത്തിന് പഠനമുറി--സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല | 3-3 |
| ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ--അപാകതകൾ | 3-4 |
| മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ--അപാകതകൾ | 3-5 |
| ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്നുവാങ്ങൽ--ചെലവഴിച്ച മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമാക്കിയിട്ടില്ല | 3-6 |
| വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല--തുക തടസ്സപ്പെടുത്തുന്നു. | 3-7 |
| ആശ്രയ പദ്ധതി--നിർവ്വഹണം നടത്തിയിട്ടില്ല | 3-8 |
| തൊഴിലുറപ്പ് പദ്ധതി | 3-9 |
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | |
|---|---|
| മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| ഓഡിറ്റ് റിക്കവറി | 4-6 |
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 27.03.2016 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 19170046 | 2313132 | 16856914 | |
| വരവ് | 63221000 | 41314604 | 21906396 | |
| ആകെ | 82391046 | 43627736 | 38763310 | |
| ചെലവ് | 77320000 | 38348610 | 38971390 | |
| നീക്കിയിരിപ്പ് | 5071046 | 5279176 | | 208130 |

മുൻവർഷ വരവ് ചെലവുകൾ താരതമ്യം ചെയ്ത്, ബഡ്ജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

2016-17 വർഷത്തെ വാർഷിക ധനകാര്യപത്രിക 03.06.2017 ന് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി - 2313132

വരവ് -41314606

ആകെ -43627736

ചെലവ് -38348610

നീക്കിബാക്കി -5279126

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് അലോക്കേഷൻ | ആകെ തുക | ചെലവ് തുക | നീക്കിബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8309402 | 8309402 | 6971992 | 1337410 | 83 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5494755 | 5494755 | 3854226 | 1640529 | 70 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 335049 | 335049 | 255900 | 79149 | 76 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7685184 | 7685184 | 7053172 | 632012 | 91 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2554755 | 2554755 | 1745147 | 809608 | 68 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 4660498 | 4660498 | 3658612 | 1001886 | 78 |
| ലോക ബാങ്ക് സഹായം | 0 | 2441964 | 2441964 | 1374367 | 1067597 | 56 |

## 1-6 പദ്ധതി അവലോകനം

2016-17 വാർഷിക പദ്ധതികളുടെ അംഗീകാരം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികൾ | അടങ്കൽ | നടപ്പിലാക്കിയ പദ്ധതികൾ | ചെലവ് | നടപ്പിലാക്കാത്ത പദ്ധതികൾ | ഭാഗികമായി നടപ്പിലാക്കിയ പദ്ധതികൾ |
|---|---|---|---|---|---|
| 142 | 38566631 | 108 | 26475018 | 13 | 21 |

കാർഷിക മേഖലയ്ക്ക് വളരെ സാധ്യതകളുള്ള ഗ്രാമപഞ്ചായത്തിൽ 163750 രൂപ അടങ്കലിൽ കേവലം 3 പദ്ധതികളാണ് നിർവ്വഹിച്ചിട്ടുള്ളത്. തരിശുഭൂമി ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടത്. മൃഗസംരക്ഷണ മേഖലയിൽ ആവശ്യാധിഷ്ഠിത പദ്ധതി നിർവ്വഹണം ഓഡിറ്റ് വർഷം സാധ്യമായില്ല. ക്ഷീരകർഷകർ ധാരാളമുള്ള പഞ്ചായത്തിൽ പാൽസൊസൈറ്റികളുടെ എണ്ണം വളരെക്കുറവാണ്. പശുവളർത്തൽ, കോഴിവളർത്തൽ എന്നിവ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള മേഖലയിൽ നാമമാത്രമായ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്. ചെറുകിടവ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. ഐ.സിഡിഎസ്സ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ 4 പദ്ധതികൾക്കായി ചെലവഴിച്ചിട്ടുള്ള 2221061 രൂപയിൽ ഗണ്യമായ വിഹിതം അങ്കണവാടി ജീവനക്കാരുടെ വർദ്ധിപ്പിച്ച വേതനം നൽകുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. മെഡിക്കൽ ഓഫീസർ പിഎച്ച്സി, ആയുർവേദം എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ആകെ 6 പദ്ധതികൾക്കായി 1016414 ചെലവഴിച്ചിട്ടുണ്ടെങ്കിലും ആരോഗ്യസ്ഥാപനങ്ങളുടെ ഭൗതികസാഹചര്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. മരുന്ന് വാങ്ങൽ പദ്ധതിയിൽ തുക നൽകിയതിൽ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു. എസ്സ്.സി. കാർഷിക വിപണന കേന്ദ്രം എന്ന പേരിൽ എറ്റെടുത്ത ബഹുവർഷകെട്ടിട നിർമ്മാണം പദ്ധതിക്ക് 2015-16 വരെ 4734898 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും പണി പൂർത്തീകരിച്ചിട്ടില്ല. ഓഡിറ്റ് വർഷം ഇതിനായി തുക വകയിരുത്തിയിട്ടില്ല. ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ 2 പദ്ധതികൾക്കായി 95308 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പശ്ചാത്തല മേഖലയിൽ ഉൾപ്പെടുത്തി 56 മരാമത്ത് പദ്ധതികൾ ഓഡിറ്റ് വർഷം നിർവ്വഹണം നടത്തി. ഇതിൽ 49 എണ്ണവും റോഡ് കോൺക്രീറ്റിംഗാണ്. സി.പി.ഡബ്ലിയു.സി. അടിസ്ഥാനമാക്കി 15 സെ.മീ കനത്തിൽ നിർവ്വഹിച്ചിട്ടുള്ള കോൺക്രീറ്റിംഗ് വേലകൾ പൂർണ്ണമായും ഗുണഭോക്തൃ സമിതി മുഖാന്തിരമാണ് നിർവ്വഹിച്ചിട്ടുള്ളത്. കൺവീനർമാർ ഹാജരാക്കിയിട്ടുള്ള വൗച്ചറുകൾ പരിശോധിച്ചതിൽ കോൺക്രീറ്റിംഗിന് ഉപയോഗിച്ചിരിക്കുന്നത് പാറമണലാണ്. ഇവ പ്രാദേശികമായി വാങ്ങിയിട്ടുള്ളതായാണ് രേഖകൾ വ്യക്തമാക്കുന്നത്. എന്നാൽ നൽകിയിരിക്കുന്നത് പ്രൈസ് സോഫ്റ്റ്‌വെയറിന്റെ പിൻബലത്തിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തിയിട്ടുള്ള നിരക്കാണ് സൂചിപ്പിച്ചിട്ടുള്ളത്. റോഡു പ്രവൃത്തികളുടെ ഡാറ്റാ പരിശോധിച്ചതിൽ 1:4:8,1:2:4 എന്നീകോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് 1m2ന് 40രൂപ കണക്കിൽ മിക്സർ യന്ത്രത്തിന് വാടകയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യന്ത്രം ഉപയോഗിച്ചതിന് രേഖകളില്ല. കോളനി സംരക്ഷണം, കോളനി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ എന്നീ പ്രവൃത്തികൾ മെച്ചപ്പെട്ടരീതിയിൽ നിർവ്വഹിച്ചിട്ടുണ്ട്. 8 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ വി.ഇ.ഒ 6 പ്രോജക്ടുകൾ നടപ്പിലാക്കി.

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2609255 | 4664768 | +2055513 | (+)78.77 |
| നികുതിയേതര വരവുകൾ | 520725 | 805539 | +284814 | (+) 54.69 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 13287 | 69240 | +55953 | |
| ആകെ | 3143267 | 5539457 | +2396190 | (+) 76.23 |

വാർഷിക ധനകാര്യപത്രികയുടെ അടിസ്ഥാനത്തിലാണ് ടി വിവരങ്ങൾ കണക്കാക്കിയിട്ടുള്ളത്.

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

| ക്രമ നം. | പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 1077300 | 122 |
| 2 | തൊഴിൽ രഹിത വേതനം | 55560 | 54 |
| 3 | വിധവാ പെൻഷൻ | 4596450 | 502 |
| 4 | വികലാംഗ പെൻഷൻ | 1413515 | 169 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 168300 | 20 |
| 6 | വാർദ്ധക്യകാല പെൻഷൻ | 11432220 | 1157 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.06.2017 ന് ഉച്ചക്ക് ശേഷം മൂന്ന മണിക്ക് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി 3861 രൂപയുടെ കൃത്യത ഉറപ്പ വരുത്തി.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമല്ല. വൗച്ചറുകളുടെ സൂക്ഷിപ്പിലുള്ള അപാകതകളും ബിൽ രജിസ്റ്റർ തയ്യാറാക്കിയിടുന്നതിലെ പിഴവുകളും വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ കാര്യക്ഷമതയില്ലായ്മയും ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പാളിച്ചയിലേക്ക് വിവരൽ ചൂണ്ടുന്നു.നിലവിലുള്ള ഓഫീസ് ഉത്തരവുകൾക്കു പുറമേ ഓഡിറ്റ് വർഷം 16 ഉത്തരവുകൾ ഓഫീസ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പുറപ്പെടുവിപ്പിച്ചിട്ടുണ്ട്. ടി ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടല്ല പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടക്കുന്നത്. ഉദാഹരണത്തിന് പഞ്ചായത്ത് സെക്രട്ടറിയുടെ 28.01.17 ലെ 03/17 – നംമ്പർ ഉത്തരവു പ്രകാരം, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഫോർ ദ പീപ്പിൾ-പരാതി പരിഹാര സംവിധാനത്തിന്റെ നോഡൽ ഓഫീസറായി ശ്രീമതി നിമി ജേക്കബിനെ നിയമിച്ചിട്ടുണ്ട്. എന്നാൽ ടി ഉത്തരവ് പ്രകാരം പ്രവർത്തനം നടന്നതിന്റെ രേഖകൾ ഇല്ല. പഞ്ചായത്തിന്റെ കെട്ടിടത്തിൽ തന്നെ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളതിന്റെ രേഖകളില്ലാ എന്നത് ശ്രദ്ധേയമാണ്. വസ്തു നികുതി പൂർണ്ണമായും പിരിക്കുന്നതിന് ശ്രമങ്ങൾ നടക്കുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചെപ്പെടുത്തി പഞ്ചായത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 20.05.2017 | 04/2017 | ലഭിച്ചിട്ടില്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 02.03.2016 | 2011-12 മുതൽ 2014-15 വരെ | എൽ.ബി.എ (എച്ച്.ക്യൂ) 8എ-2411/03 തീയതി 18.04.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ പരിശോധനയും അവലോകനവും.

ഓഡിറ്റിനായി സമർപ്പിച്ച വെള്ളാവൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വർഷാരംഭ മുൻബാക്കി 23,13,132 രൂപയും തൻവർഷ വരവ് 4,13,14,604 രൂപയും തൻവർഷത്തെ ചെലവ് 3,83,48,610 രൂപയും വർഷാവസാന ബാക്കി 52,79,126 രൂപയുമാണ്. (ഇതിൽ 112950രൂപ പണമായുള്ള നീക്കിയിരിപ്പും 51,66,176 രൂപ വിവിധ അക്കൗണ്ടുകളിലെ നീക്കിയിരുപ്പുമാണ്.) തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡീച്ചർ പ്രകാരമുള്ള വരുമാനം 6,50,12,107രൂപയും തൻവർഷചെലവ് 6,37,12,640 രൂപയും പ്രവർത്തനമിച്ചം (Surplus) 12,99,467 രൂപയുമാണ്. 31.3.2017 പ്രകാരമുള്ള ബാലൻസ് ഷീറ്റ് പ്രതിഫലിപ്പിക്കുന്ന ആസ്തി മൂല്യം 3,13,00,661 രൂപയും പഞ്ചായത്ത് ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 2,96,39,370 രൂപയും അന്നേ തീയതി പ്രകാരമുള്ള ജനറൽ ഫണ്ട് പൊസിഷൻ 16,61,291 രൂപയുമാണ്.

മേൽവിവരിച്ച പ്രകാരമുള്ള 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികകൾ ഓഡിറ്റിൽ പരിശോധനാവിധേയമാക്കിയതിലും വിശകലനം ചെയ്തതിലും ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.അഡ്വാൻസ് രജിസ്റ്ററിൽ പൂർണ്ണമായും വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ ഈയിനത്തിലുള്ള തുകയുടെ കൃത്യത വ്യക്തമല്ല.

2.ഷോ ടാക്സ്, പരസ്യനികുതി ഇനങ്ങളിലുള്ള വരവിന്റെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

3.രജിസ്റ്റർ പ്രകാരമുള്ള വാടക കുടിശ്ശികയും വാർഷികകണക്ക് പ്രകാരം ഈയിനത്തിലുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

4.രജിസ്റ്റർ പ്രകാരമുള്ള ബസ്സ് സ്റ്റാന്റ് വരവ്തുകയും വാർഷികകണക്ക് പ്രകാരം ഈയിനത്തിലുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

5.സാക്ഷരത അക്കൗണ്ടിലെ തുക B4, B17 ഷെഡ്യൂളുകളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

6.ഡെപ്പോസിറ്റ് ഇനത്തിൽ ഓരോ ശീർഷകത്തിലെയും തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

7.ഡി&ഒ ട്രേഡ് ലൈസൻസ് ഫീസ് കുടിശ്ശിക തുക രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

8.26.07.2011 ലെ ജി.ഒ.(എം.എസ്)നം.152/11/എൽ.എസ്.ജി.ഡി ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 2-2-1 വസ്തുനികുതി നിർണയിച്ചതിൽ അപാകത

2016-17 വർഷം വസ്തുനികുതി നിർണയം നടത്തിയ ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ ശ്രീമതി സീമ റാം തോമസ് എന്നയാളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ പെർമിറ്റ്, വസ്തുനികുതി നിർണയം എന്നിവയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കെട്ടിടത്തിന് നൽകിയ എ.3-1570/15 തീ.6.5.15 -ാം നമ്പർ പെർമിറ്റ് പ്രകാരം 192.72 ച.മീറ്റർ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിനാണ് പെർമിറ്റ് നൽകിയത്. എന്നാൽ ഈ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടെന്നുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. തദ്ദേശസ്വയംഭരണവകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ.1/2015/തസ്വഭവ സർക്കുലർ പ്രകാരം കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കേണ്ട വിശദമായ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ടി സർക്കുലറിലെ നിർദ്ദേശങ്ങൾ ഇവിടെ പാലിച്ചതായി കാണുന്നില്ല. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.15) മറുപടിയിൽ മേൽ സർക്കുലർ പ്രകാരമുള്ള റിപ്പോർട്ട് അനുസരിച്ചാണ് പെർമിറ്റ് നൽകുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.
2. കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ ക്രമവൽക്കരിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം തറവിസ്തീർണം 318 ച.മീറ്ററാണ്. എന്നാൽ ഫയൽ പ്രകാരം നികുതി നിർണയിച്ച തറ വിസ്തീർണം 188.32 ച.മീറ്ററാണ്. ക്രമവൽക്കരണ പ്ലാൻ അംഗീകരിച്ചതിന്റെ രേഖയില്ല ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.15)

മറുപടിയിൽ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിരിക്കുന്നത് 318 ച.മീറ്ററിനാണ് എന്നും 188.32 ച.മീറ്ററിന് വസ്തുനികുതി നിർണയിച്ചിട്ടുണ്ടെന്നും 54.39 ച.മീറ്റർ രണ്ടു വശങ്ങളിലും തുറക്കലുള്ള പാസ്സേജായതിനാൽ നികുതി ഒഴിവാക്കാവുന്നതാണെന്നും 75.49 ച.മീറ്റർ പണി പൂർത്തീകരിച്ചില്ലെന്നും വിശദീകരിച്ചിട്ടുണ്ട്. പണി പൂർത്തീകരിച്ചതായി പറഞ്ഞിരിക്കുന്ന 318 ച.മീറ്ററിൽ ഉൾപ്പെടുന്ന 75.49 ച.മീറ്റർ ഭാഗം പണി പൂർത്തീകരിച്ചില്ലെന്ന് പറയുന്നതെന്തുകൊണ്ടെന്ന് വ്യക്തമല്ല. കെട്ടിടത്തിന്റെ ക്രമവൽക്കരണ പ്ലാൻ പ്രകാരം 318 ച.മീറ്ററും പണി പൂർത്തിയായതായാണ് കാണുന്നത്. പണി പൂർത്തിയാക്കാത്ത ഭാഗം ക്രമവൽക്കരിച്ച് നൽകിയതെന്തിനെന്ന് വ്യക്തമല്ല. ലഭ്യമാക്കിയ മറുപടിയിൽ അവ്യക്തതയുള്ളതിനാൽ പരിശോധന നടത്തി വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-2-2 അർഹതയില്ലാത്തവർക്ക് വസ്തു നികുതി ഇളവനുവദിച്ചു നൽകി

വിമുക്തഭടൻമാർക്ക് വസ്തു നികുതി ഇളവ് നൽകുന്നത് സംബന്ധിച്ച ഫയലും രജിസ്റ്ററും പരിശോധിച്ചതിൽ ചുവടെപ്പറയുന്ന പാരാമിലിറ്ററി വിഭാഗത്തിൽപ്പെട്ടവരെ വസ്തു നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

| വാർഡ് നം./കെട്ടിട നം. | ഉടമസ്ഥന്റെ പേര് | വിഭാഗം |
|---|---|---|
| 13/417 | കെ.എ വർഗീസ്<br>കരിയപരിയാരം | ആസാം റൈഫിൾസ് |
| 13/162 | പി.എം ബാലകൃഷ്ണൻ<br>വെള്ളപാഴേരിക്കൽ | ആസാം റൈഫിൾസ് |
| 10/47 | ഉണ്ണികൃഷ്ണൻ റ്റി.ബി<br>തെക്കേകരിംകുറ്റിയിൽ | ആസാം റൈഫിൾസ് |
| 8/354 | സുകുമാരൻ നായർ എം.ജി<br>പുത്തൻപുരക്കൽ | പാരാ റെജിമെന്റ് |

സർക്കാർ കത്ത് നം.4559/എൻ.2/ 06/ 15 തസ്വഭവ 15.7.06 (പഞ്ചായത്ത് ഡയറക്ടർക്കയച്ച കത്ത്) പ്രകാരം വിമുക്തഭടൻമാർക്ക് നൽകുന്ന ഇളവ് പാരാമിലിറ്ററി വിഭാഗത്തിൽ നിന്നും വിരമിച്ചവർക്ക് ബാധകമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ വിഭാഗത്തിൽപ്പെട്ടവർക്ക് വസ്തു നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.1)ക്ക് മറു പടി ലഭ്യമാക്കിയില്ല. തുടർനടപടി സ്വീകരിച്ച് വസ്തുനികുതി ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 2-2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി പുതുക്കിയ നിരക്കിൽ ഈടാക്കിയിട്ടില്ല

സഞ്ചയ റവന്യൂഡേറ്റാബേസിൽ ഉൾപ്പെടുത്തിയിരിക്കുന്ന 7 മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിശോധിച്ചതിൽ 5 എണ്ണത്തിന്റെയും വസ്തുനികുതി പുതുക്കിയ നിരക്കിൽ ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം /<br>കെട്ടിട നം.,<br>സ്ഥലം | ടവർ സ്ഥാപിച്ചിരിക്കുന്ന കമ്പനിയുടെ പേര് | ടവറിനു നിർണയിച്ച വസ്തുനികുതി |
|---|---|---|---|
| 1 | 11/322 | വോഡഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 10500/- |
| 2 | 8/347 | ഭാരതി എയർടെൽ ലിമിറ്റഡ് | 13860/- |
| 3 | 8/285/A | ബി.എസ്.എൻ.എൽ | 18900/- |
| 4 | 6/308 | വോഡഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 10868/- |
| 5 | 6/249 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻലിമിറ്റഡ് | 10500/- |

ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.5) യുടെ മറുപടിയിൽ പുതുക്കിയ നിരക്കിൽ നികുതി ഡിമാന്റ് ചെയ്യതായി വ്യക്തമാക്കിയിട്ടുണ്ട്. 2016-17 വർഷം വരെയുള്ള നികുതി ഈടാക്കി ഓഡിറ്റിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 2-3 സങ്കേതം സോഫ്റ്റ്‌വെയർ വിന്യസിച്ചതിലെ പിഴവുകൾ--പെർമിറ്റ്/ക്രമവത്ക്കരണ ഫീ ഈടാക്കിയതിൽ കുറവ്

2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ടം 11 (3) പ്രകാരം കാറ്റഗറി രണ്ടിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായ പെർമിറ്റ് ഫീ പാർപ്പിടാവശ്യത്തിന് ഒരു ചതുരശ്രമീറ്ററിന് 3/-രൂപയാണ്. എന്നാൽ സങ്കേതം സോഫ്റ്റ്‌വെയർ വിന്യസിക്കപ്പെട്ടതും കാറ്റഗറി രണ്ടിൽ ഉൾപ്പെടുന്നതുമായ ഈ ഗ്രാമപഞ്ചായത്തിൽ നിന്നും 2016-17 വർഷം പെർമിറ്റ് നൽകിയ ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീസ്/ക്രമവൽക്കരണ ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കിയതിനാൽ നഷ്ടം സംഭവിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | കെട്ടിട ഉടമയുടെ പേര് | കെട്ടിടത്തിന്റെ തറ വിസ്തീർണം | ഈടാക്കിയ പെർമിറ്റ്ഫീസ് (രൂപ)/ രസീത് നം.തീയതി | ഈടാക്കേണ്ട പെർമിറ്റ്ഫീസ് (രൂപ) | ഈടാക്കി യതിൽ കുറവ്(രൂപ) |
|---|---|---|---|---|---|
| 1 | സന്ധ്യ ബി | 114.59 | 172/- 100161/18.4.16 | 344 | 172 |
| 2 | ജോൺ എ.സി | 123.39 | 186/- 100512/8.6.16 | 370 | 184 |
| 3 | ഗായത്രി.ജി | 143.46 | 216/- 100665/24.6.16 | 430 | 214 |
| 4 | ഈശോ മത്തായി | 132.58 | 199/- 00616/21.6.16 | 398 | 199 |
| 5 | സലിം കുഞ്ഞ് മുഹമ്മദ് | 68.7 | 104/- 100778/12.7.16 | 206 | 102 |
| 6 | സഹദേവൻ, സരള | 123.25 | 185/- 01020/9.8.16 | 370 | 185 |
| 7 | പി.ജി പ്രദീപ് കുമാർ | 82.21 | 124/- 01116/23.8.16 | 247 | 123 |
| 8 | വേണുഗോപാൽ | 131.65 | 198/- 01184/29.8.16 | 395 | 197 |
| 9 | വിശ്വനാഥൻ നായർ | 135.66 | 204/- 01477/29.9.16 | 407 | 203 |
| 10 | ദിലീപ് കെ പിള്ള | 148 | 222/- 01653/25.10.16 | 444 | 222 |

| | | | | | |
|---|---|---|---|---|---|
| 11 | റോസമ്മ ആന്റണി | 134.77 | 89/- 01810/3.12.16 | 404 | 314 |
| 12 | ശ്രീധരൻ നായർ | 123.3 | 185/- 00663/24.6.16 | 370 | 185 |
| 13 | വിശാലാക്ഷി | 109.25 | 164/- 1000118/12.04.16 | 328 | 164 |
| 14 | അബ്ദുൾ ഖാദർ | 99.12(ക്രമവൽക്കരണം) | 446/- 100344/12.05.16 | 595 | 149 |
| 15 | ശ്രീലാൽ പി.കെ | 107(ക്രമവൽക്കരണം) | 481/- 2852/3.3.17 | 642 | 161 |
| | | ആകെ | | | 2774 |

പെർമിറ്റ് ഫീസ് കുറവ് ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.3) മറുപടിയിൽ സങ്കേതം സോഫ്റ്റ്‌വെയറിലൂടെയാണ് പെർമിറ്റ് ഫീസ് ഈടാക്കിയതെന്നും ടി സോഫ്റ്റ്‌വെയറിൽ യഥാർത്ഥ നിരക്കിന്റെ 50% മാത്രമാണ് പെർമിറ്റ് ഫീസായി കാണിക്കുന്നതെന്നും സോഫ്റ്റ്‌വെയറിലെ തകരാറ് സംബന്ധിച്ച് ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സങ്കേതം സോഫ്റ്റ്‌വെയറിലൂടെ ജനറേറ്റ് ചെയ്യപ്പെടുന്ന റിപ്പോർട്ടിൽ നിശ്ചിത നിരക്കിൽ കുറവായ ഫീ ആണ് കണക്കാക്കി വരുന്നതെന്ന അപാകത യഥാസമയം അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിൽ ബന്ധപ്പെട്ട സെക്ഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥനും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരും വീഴ്ച വരുത്തി. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിന് ശേഷം മാത്രമാണ് ഇക്കാര്യത്തിൽ ഐ.കെ.എം. ഡയറക്ടർക്ക് കത്ത് നൽകിയത്. ആയതിനാൽ മേൽ വിവരിച്ച പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4(1) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2016-2017 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതായി കാണുന്നു.

| സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|
| മാവേലിസ്റ്റോർ,മണിമല | I&II |
| എ.ഇ, എൽ.എസ്.ജി.ഡി.സെക്ഷൻ വെള്ളാവൂർ | II |
| കർദ്ദിനാൾ പടിയറ പബ്ലിക്ക് സ്കൂൾ, മണിമല | I&II |

ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10) സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 2-4(2) സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2016-2017 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കാത്തതായി കാണുന്നു.

| സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|
| മാവേലിസ്റ്റോർ, മണിമല | I&II |
| മാവേലിസ്റ്റോർ, വെള്ളാവൂർ | I&II |

ടി സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ

ലഭ്യമാക്കുന്നതിന് നൽകിയ എനക്വയറിക്ക് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന മറുപടി ലഭിച്ചു.സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5(1) മണിമല ടൗണിൽ പാട്ടത്തിനു നൽകിയിരിക്കുന്ന വിവിധ പ്ലോട്ടുകളിൽ നിന്നും സെക്യൂരിറ്റി നിക്ഷേപംഈടാക്കുന്നില്ല.

വെള്ളാവൂർ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മണിമല ടൗണിൽ സ്ഥിതി ചെയ്യുന്ന എട്ടോളം പ്ലോട്ടുകൾ വിവിധ സ്വകാര്യ വ്യക്തികൾ കാലങ്ങളായി കൈവശം വെച്ച് വിവിധ കച്ചവട സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. ടി വ്യക്തികളിൽ നിന്നും തുച്ഛമായ വാടക മാത്രമാണ് ഈടാക്കി വരുന്നത്. ടി സ്ഥാപന ഉടമകളിൽ നിന്നും സെക്യൂരിറ്റി നിക്ഷേപം ഒന്നും തന്നെ വാങ്ങിയിട്ടില്ല. ലേല നടപടികൾ പാലിക്കാതെ സ്വകാര്യവ്യക്തികൾ ഗ്രാമപഞ്ചായത്തിന്റെ ഭൂമി കൈവശം വച്ചിരിക്കുന്നത് തെറ്റാണ്. നടപടിക്രമങ്ങൾ പാലിച്ച മാത്രം ഭൂമി സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകേണ്ടതാണ്.

## 2-5(2) ഷോപ്പിംഗ് കോപ്ലക്സ്--സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല.

വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലായി 21 മുറികൾ വിവിധ വ്യക്തികൾക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. ആയതിൽ രണ്ട് മുറികളിൽ മാവേലി സ്റ്റോറും ഒരു മുറിയിൽ ഹോമിയോ ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. ഇവ ഒഴിവാക്കിയാൽ പതിനെട്ടു മറികളിൽവിവിധ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ടി മുറികളിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. വെള്ളാവൂർ ഗ്രാമപഞ്ചായത്ത് പോലെ തനതു വരുമാനം കുറവുള്ള പഞ്ചായത്തുകൾക്ക് ഇത്തരത്തിൽ ലഭിക്കാവുന്ന വരുമാന സ്രോതസ്സുകൾ ഒഴിവാക്കുന്നത് ഗുണകരമല്ല. ആയതിനാൽ പഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സുകളിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റിനത്തിൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ലേല നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ചില്ല-ആഞ്ഞിലി മരം ഉപയോഗശൂന്യമായി നശിച്ചു.

വെള്ളാവൂർ ഗ്രാമപഞ്ചായത്തിൽ തോട്ടുപുറമ്പോക്കിൽ നിന്നിരുന്നതും കാലവർഷ കെടുതിയിൽ പിഴുതു പോയതുമായ ആഞ്ഞിലി മരം പഞ്ചായത്ത് കോമ്പൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ആയത് ലേലം ചെയ്യുന്നതിനായുള്ള വാല്വേഷൻ സർട്ടിഫിക്കറ്റിനായി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് പഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട് എന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. എന്നാൽ വാല്വേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോയെന്നും ലേലനടപടികൾ എത്രത്തോളമായെന്നും ഫയൽ പ്രകാരം ലഭ്യമല്ല. ടി ആഞ്ഞിലി മരം ഉപയോഗശൂന്യമായി തീർന്ന അവസ്ഥയിലാണ് ഇപ്പോളുള്ളതെന്ന് പഞ്ചായത്ത് കോമ്പൗണ്ടിൽ നടത്തിയ ഭൗതീക പരിശോധനയിൽ നിന്നും വ്യക്തമായി. പഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്നുണ്ടായ അലംഭാവം മൂലമാണ് വിലപിടിപ്പുള്ള ആഞ്ഞിലി മരം ഇത്തരത്തിൽ നശിക്കുവാനിടയായത്.

## 2-7(1) ഡി ആന്റ് ഓ ലൈസൻസ് അപേക്ഷ പൂർണ്ണമല്ല

1. സ്ഥാപനങ്ങളുടെ ലൈസൻസ് കണക്കാക്കുന്നതിൽ ദിവസവിറ്റു വരവ് പ്രധാന ഘടകമാണ്. 2016-17 സാമ്പത്തിക വർഷം ഡി ആന്റ് ഓ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിൽ പലതിലും ദിവസേനയുള്ള വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല. ഉദാ.ത്രേസ്യാമ്മ തോമസ് വരമ്പകത്ത്, കടയനിക്കാട് -തടി ഫർണ്ണീച്ചർ നിർമ്മാണം, കെ.ജി.ഗംഗാധരൻ-കല്ലുങ്കുമുറിയിൽ-ഹോളോബ്രിക്സ് നിർമ്മാണം, ഗോപിനാഥൻ പി.ആർ.-താന്നിക്കൽ വീട്-തടി അറപ്പ്.
2. കെ.കെ.വിജയൻ-കിഴക്കേമുറിയിൽ, ചെറുവള്ളി-ക്വാറി, ത്രേസ്യാമ തോമസ്-കണ്ണന്താനം-ഏറത്തു വടകര-കരിങ്കൽ പൊടിക്കുന്നത്, ജെയിംസ് സെബാസ്റ്റ്യൻ-കൊച്ചുമുറിയിൽ-മണിമല-കരിങ്കൽ ഖനനം--ടി സ്ഥാപനങ്ങൾ ഒന്നും തന്നെ എച്ച്.പി അടിസ്ഥാനമാക്കിയിട്ടുള്ള യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നില്ല എന്നാണ് അപേക്ഷകളിൽ നിന്നും വ്യക്തമാക്കിയിരിക്കുന്നത്. കരിങ്കൽ പൊടിക്കുന്നത്, കരിങ്കൽ ഖനനം, കരിങ്കൽ ക്വാറി എന്നിവയ്ക്ക് യന്ത്ര സാമഗ്രികൾ ഉപയോഗിക്കുന്നില്ല എന്നത് വിശ്വസനീയമല്ല.

മേൽ അപാകതകളിന്മേൽ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതു

സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 2-7(2) ദിവസ വിറ്റു വരവ് കണക്കാക്കി ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

ശ്രീ മോഹനൻചന്ദ്രൻ പിള്ള, കരിമ്പാനിയിൽ, കടയനിക്കാട് എന്ന വ്യക്തി നടത്തിവരുന്ന കരിമ്പാനിയിൽ ഓട്ടോ ഫ്യൂവൽസ് എന്ന സ്ഥാപനം പെട്രോളിയം ഉല്പന്നങ്ങളുടെ സംഭരണം വില്പന എന്നിവയാണ് കൈകാര്യം ചെയ്തു വരുന്നത്. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും ടി സ്ഥാപനത്തിൽ പ്രതി ദിന വിറ്റു വരവ് 75000/- രൂപയാണ്. ഡി ആന്റ് ഓ ലൈസൻസ് ഇനത്തിൽ ടി സ്ഥാപനത്തിൽ നിന്നും 1000/- രൂപയാണ് ഈടാക്കിയിട്ടുള്ളത്. എന്നാൽ 50000/- മുതൽ 100000/- രൂപ വരെ ഒരു ദിവസം വിറ്റു വരവുള്ള സ്ഥാപനങ്ങൾ 2000/- രൂപയാണ് ലൈസൻസ് ഫീസായി നൽകേണ്ടിയിരുന്നത്. ലൈസൻസ് ഫീ ഇനത്തിൽ കുറവായി ഈടാക്കിയ 1000/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് ചേർക്കേണ്ടതാണ്.

## 2-8 പരസ്യനികുതി ഈടാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിട്ടുള്ള പരസ്യങ്ങളിൻമേൽ നികുതി പിരിക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിനുണ്ട്. ബൈലോ തയ്യാറാക്കി പരസ്യനികുതി പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതാണെന്ന് വകുപ്പ് 209(ഡി)-യിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തു പ്രദേശത്ത് വിവിധ സ്ഥാപനങ്ങളുടെ നിരവധി പരസ്യബോർഡുകൾ പ്രദർശിപ്പിച്ചുകാണുന്നുണ്ടെങ്കിലും പരസ്യനികുതിയിനത്തിൽ പഞ്ചായത്തിന് വരവൊന്നും ലഭിക്കുന്നില്ല. 16-8-2016-ലെ പഞ്ചായത്തുകമ്മിറ്റിയിൽ ബൈലോ തയ്യാറാക്കുന്നതിനുള്ള തീരുമാനമെടുത്തിരുന്നുവെങ്കിലും (തീരുമാനം നം.VIII) നാളിതുവരെ ആയതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 18-5-2005-ലെ സി(5)-15253/04 നമ്പർ ഉത്തരവുപ്രകാരം പരസ്യനികുതി ഈടാക്കുന്നതിന് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. നിയമത്തിലേയും സർക്കാർ ഉത്തരവിലേയും വ്യവസ്ഥകളുടെയും പഞ്ചായത്തുകമ്മിറ്റിയുടെ 16-8-16-ലെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ അടിയന്തിരമായി ആരംഭിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കല്ലുംമാക്കൽ -അംബേദ്കർ കോളനിയിലേക്ക് സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ -സ്ട്രീറ്റ് ലൈറ്റ് ഇൻസ്റ്റാൾ ചെയ്തതിന്റെ രേഖയില്ല.

പ്രോജക്ട്നം.എസ്. 05/17

അടങ്കൽ .265000/- (വികസനഫണ്ട്.എസ്.സി.പി)

ചെലവ്. 140000/-(ബിൽ നം35/16-17തീയതി. 30.3.2017)

2016-17 വർഷം സെക്രട്ടറി നിർവഹണം നടത്തിയ ഈ പ്രോജക്ട് പ്രകാരം കൊല്ലത്തുള്ള യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 24 W എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ്, 40 എണ്ണം സ്ഥാപിക്കുന്നതിന് വർക്ക് ഓർഡർ നൽകുകയും സ്ഥാപനവുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്ട്രീറ്റ് ലൈറ്റ് ഇൻസ്റ്റാൾ ചെയ്തതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20) മറുപടി ലഭ്യമാക്കിയില്ല. സ്ട്രീറ്റ് ലൈറ്റ് ഇൻസ്റ്റാൾ ചെയ്തതിന്റെ രേഖ ലഭ്യമാക്കാത്തതിനാൽ ഈ പ്രോജക്ടിനായി ചെലവഴിച്ച 140000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 എസ്.സി /എസ്.റ്റി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പി.വി.സി ടാങ്ക് വാങ്ങുന്നതിന് സബ്സിഡി- സബ്സിഡി മാർഗരേഖ പാലിച്ചിട്ടില്ല.

1.പ്രോജക്ട് നം .55/16

പ്രോജക്ടിന്റെ പേര് -എസ്.സി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പി.വി.സി ടാങ്ക് വാങ്ങുന്നതിന് സബ്സിഡി

അടങ്കൽ-148000/-വികസനഫണ്ട് (എസ്.സി.പി)

ചെലവ്- 70387/- (ബിൽ നം.3/16-17 തീ.17.1.17, 4500/- രൂപ, ബിൽ നം.6/16-17,4500/- രൂപ, ബിൽ നം.10/16-17, തീ.31.1.17, 10387/-രൂപ, ബിൽ നം.12/16-17 തീ 09.03.17, 27000/-രൂപ, ബിൽ നം.14/16-17 തീ18.03.17, 18000/-രൂപ, ബിൽ നം.23/16-17 തീ.30.03.17, 6000/- രൂപ )

2.പ്രോജക്ട് നം .61/17

പ്രോജക്ടിന്റെ പേര് -എസ്.റ്റി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പി.വി.സി ടാങ്ക് വാങ്ങുന്നതിന് സബ്സിഡി

അടങ്കൽ-27000/-വികസനഫണ്ട് (റ്റി.എസ്.പി)

ചെലവ്- 19500/- (ബിൽ നം.19/17 തീ.25.3.17, 15000/- രൂപ, ബിൽ നം.27/17, തീ.30.03.2017, 4500/-രൂപ)

2016-17 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പ്രോജക്ടുകളുടെ നിർവഹണത്തിൽ തദ്ദേശസ്വയംഭരണവകുപ്പിന്റെ 11.01.2016 4/2016-ാം നം സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് പി.വി.സി ടാങ്ക് വാങ്ങിനൽകണം എന്ന നിർദ്ദേശം പാലിച്ചിട്ടില്ല. ഗുണഭോക്താക്കൾ ടാങ്ക് വാങ്ങി ബിൽ ഹാജരാക്കുമ്പോൾ അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡി തുക നൽകുകയാണ് ചെയ്തിരിക്കുന്നത്. ഇത് സബ്സിഡി മാർഗരേഖയുടെ ലംഘനമാണ്.
2. ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടയ്ക്കണം എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.
3. ക്രമനം.1 പ്രോജക്ട് പ്രകാരം സബ്സിഡി ലഭിച്ച അജയൻ കെ.എം എന്നയാൾ ടാങ്ക് വാങ്ങിയതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല.
4. സബ്സിഡി മാർഗരേഖ പ്രകാരം ടാങ്കിന്റെ വിലയുടെ 75% (പരമാവധി 1500 രൂപ) മാണ് സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി എന്നാൽ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് അനുവദനീയമായതിലും അധികം തുക നൽകിയിട്ടുണ്ട്.

| ക്രമനം | പേര് | ടാങ്കിന്റെ വില | നൽകിയ സബ്സിഡി | നൽകാവുന്ന സബ്സിഡി | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | വി.റ്റി അംബിക | 1850/- | 1500/- | 1388/- | 112/- |
| 2 | ജി.കെ.തങ്കപ്പൻ | 1850/- | 1500/- | 1388/- | 112/- |
| 3 | സിന്ധു മോഹൻ | 1850/ | 1500/- | 1388/- | 112/- |
| | | ആകെ | 336/- | | |

മേൽ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതും അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 3-3 പട്ടികവർഗവിഭാഗത്തിൽപ്പെട്ട കുടുംബത്തിന് പഠനമുറി- സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല.

പ്രോജക്ട് നം 64/17

അടങ്കൽ -100000/-രൂപ

ചെലവ് -100000/-രൂപ (ബിൽ നം.22/17തീയതി-30.03.2017)

2016-17 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ ഈ പ്രോജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് പഠനമുറി നിർമ്മിക്കുന്നതിന് 100000/-രൂപ നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണവകുപ്പിന്റെ 15.02.2016 ലെ സ.ഉ(സാധാ) നം.626/2016 പ്രകാരം പട്ടികജാതി /പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട് . പ്രസ്തുത മാനദണ്ഡങ്ങൾ ഈ പ്രോജക്ടിന്റെ

നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല. അപാകതതൾ ചുവടെ ചേർക്കുന്നു.

1.വിദ്യാർത്ഥിയുടെ വിവരം ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

2.നിലവിൽ വാസയോഗ്യമായ 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണമുള്ള വീടുള്ളതിന്റെ വിവരം ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

3.നിർമ്മിച്ച പഠനമുറിയുടെ വിസ്തീർണം വ്യക്തമല്ല.

4.എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട എഞ്ചിനീയർ മെഷർമെന്റ് എടുത്തിട്ടില്ല.

5.മെഷർമെന്റ് അടിസ്ഥാനമാക്കിയല്ല 100000/-രൂപ നൽകിയത്. ഓവർസിയറുടെ വാല്യേഷന്റെ മാത്രം അടിസ്ഥാനത്തിലാണ് തുക നൽകിയിരിക്കുന്നത്.

6.പട്ടികജാതി /പട്ടികവർഗ വകുപ്പിൽ നിന്ന് ഈ ഇനത്തിൽ ധനസഹായം ലഭിച്ചിട്ടില്ലെന്ന് വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

സർക്കാർ നിർദ്ദേശം പാലിക്കാതെ തുക നൽകിയതിന് വിശദീകരണവും പഠനമുറിയുടെ വിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 1 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -അപാകതകൾ

1) സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.ഒ.63/16-17)

2016-17 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗവ .എൽ.പി.എസ് ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്കൂളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനത്തിന് സഹായമായി 50000 രൂപ വികസനഫണ്ട് വകയിരുത്തി. 50000 രൂപ ബിൽ നം.2/16-17/16.3.17 പ്രകാരം പിൻവലിച്ച് സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ പ്രവർത്തനങ്ങൾക്കായി എച്ച്.എം.സെന്റ് ജോർജ്ജ്.എച്ച്.എസ്.മണിമല, സർക്കിൾ ഇൻസ്പെക്ടർ, മണിമല എന്നിവരുടെ ജോയിന്റ് അക്കൗണ്ടിലേക്ക് നൽകി. എന്നാൽ സ.ഉ.(സാധാ)നം.3/2017തസ്വഭവ 7.1.17 പ്രകാരം സ്റ്റുഡന്റ് കേഡറ്റ് പദ്ധതി നടപ്പാക്കുന്ന സ്കൂളുകൾക്ക് തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് വിശദീകരണം ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.

2) സ്കൂളുകളിൽ ഷീ പാഡ് പദ്ധതി (എസ്.ഒ.70/16-17)

പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരിയ്ക്കുന്ന പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി വകയിരുത്തിയ തുകയുടെ 50% അഡ്വാൻസായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ഡയറക്ടർക്ക് നല്കണമെന്ന് സ.ഉ.(സാ.ധാ.) നം.280/16 തസ്വഭവ തീയതി. 25.01.16 ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ആയതനുസരിച്ച് പ്ലാൻഫണ്ടിൽ നിന്നും 45308/- രൂപ ബിൽ നം1/16-17 /16.3.17 പിൻവലിച്ച് മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ തിരുവനന്തപുരം പേർക്ക് നൽകി. തുകയുടെ കൈപ്പറ്റ് രസീത് ലഭിച്ചിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ സംബന്ധിച്ച് യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല.അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ആയതിനാൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 95308 രൂപ(50000+45308) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ–അപാകതകൾ

1. പ്രോജക്ട് നം.S0038/17

പകർച്ചവ്യാധി നിയന്ത്രണം എന്ന പ്രോജക്ടിന്റെ ഭാഗമായി 50000 രൂപ വകയിരുത്തിയതിൽ 45000 രൂപ ഫോഗിംഗ്, ഇൻഡോർ സ്പെയ്സ് സ്പ്രേയിംഗ് എന്നിവയ്ക്കായും 5000 രൂപ ഫ്ലക്സ് ബോർഡ് സ്ഥാപിക്കുന്നതിനുമായി ചെലവഴിച്ചിട്ടുണ്ട്. ഫ്ലക്സ് ബോർഡ് സ്ഥാപിച്ചതിന് ചെലവായ 5000 രൂപ ജെ.എച്ച്.ഐ യുടെ പേരിൽ ഡി.ഡി യായി(ഡി.ഡി നം.330385/19.12.2016) നല്കിയിട്ടുണ്ട്. എന്നാൽ തുക ഫ്ലക്സ് ബോർഡ് നിർമ്മിച്ച

സ്ഥാപനത്തിന് നൽകിയതിന് രേഖകളില്ല.

2. <u>പ്രോജക്ട് നം.s0039/17</u>

പി.എച്ച്.സി യ്ക്ക് മരുന്നുവാങ്ങൽ എന്ന പ്രോജക്ടിന്റെ ഭാഗമായി 110000 രൂപ മെയി.ഫണ്ട് (റോഡിതരം) ചെലവഴിച്ചു. ഇതിൽ ബിൽ നം.7/16-17/21.02.17 പ്രകാരം പിൻവലിച്ച 26260/- രൂപയിൽ 14122/- രൂപ നന്ദ ബയോടെക് എന്ന സ്ഥാപനത്തിന് നൽകി. 12138/- രൂപ ജെ.എച്ച്.ഐ യുടെ അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. 12138/- രൂപയുടെ ചെലവിനാധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. <u>പ്രോജക്ട് നം.S0046/17</u>

പാലിയേറ്റീവ് പരിചരണം എന്ന പ്രോജക്ടിനായി 338300 രൂപ വികസന ഫണ്ടും 90000 രൂപ ബ്ലോക്ക് വിഹിതവും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ബിൽ നം.4/16-17/16.12.16 പ്രകാരം പിൻവലിച്ച 91148 രൂപയിൽ നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങിയ സാധനങ്ങളുടെ തുകയായ 4990 രൂപ സ്ഥാപനത്തിന് നൽകിയിട്ടില്ല. ടി തുക ജെ.എച്ച്.ഐ യുടെ അക്കൌണ്ടിലേക്കാണ് നൽകിയിട്ടുള്ളത്.

ടി ബിൽ പ്രകാരം കാരുണ്യ ഫാർമസിയിൽ നിന്നും മരുന്നു വാങ്ങുന്നതിനായി 46430 രൂപ ഡി.ഡി.നം.330384/19.12.16 പ്രകാരം സ്ഥാപനത്തിന് നൽകി. എന്നാൽ, 42850/- രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. 3580/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബിൽ നം.6/16-17/13.1.17 പ്രകാരം 37000 രൂപ പിൻവലിച്ചതിൽ നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങിയ സാധനങ്ങളുടെ തുകയായ 5350/- രൂപ സ്ഥാപനത്തിന് നൽകിയിട്ടില്ല. ടി തുക ജെ.എച്ച്.ഐ യുടെ അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്.

ബ്ലോക്ക് വിഹിതമിനത്തിൽ മരുന്നു വാങ്ങുന്നതിനായി ചെക്ക് നം.159483/27.2.17 പ്രകാരം പിൻവലിച്ച 39000 രൂപയിൽ 20686 രൂപയുടെ ചെലവിനാധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് അപാകതകൾ ആവർത്തിക്കില്ല എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജെ.എച്ച്.ഐ യുടെ പേരിൽ നൽകിയ തുക സ്ഥാപനത്തിന് നല്കിയതിന്റ രേഖകൾ, മരുന്നു വാങ്ങുന്നതിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ മരുന്ന് ലഭ്യമായതിന്റെ വിശദാംശങ്ങൾ, എന്നിവ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ 51744/- രൂപയുടെ (5000+ 12138+ 4990+ 3580+ 5350+ 20686) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 <u>ആയുർവ്വേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ -ചെലവഴിച്ച മുഴുവൻ തുകയ്ക്കും മരുന്നു ലഭ്യമാക്കിയിട്ടില്ല.</u>

പ്രോജക്ട് നം-36/61-17

ബിൽ നം-01/16-17

ആയുർവ്വേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിക്ക് വേണ്ടി ആകെ 450000 രൂപ ചെലവഴിച്ചിട്ടുണ്ട് (ഡി.ഡി.നം 330308, 1.12.2016). എന്നാൽ 3864 രൂപയ്ക്കുള്ള മരുന്നുകൾ ഇതുവരെയും ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാകാത്തതിനാൽ 3864 രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്നമുറക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-7 <u>വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.</u>

2016-17 വർഷം വിവിധ നിർവ്വഹണ എജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ/തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വെള്ളാവൂർ ഗ്രാമ പഞ്ചായത്തിലെ വിവിധവാർഡുകളിൽ സ്ട്രീറ്റ് | 21600879<br>21600947 | 48720<br>234502 | യു.സി. ലഭിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| | മെയിൻ സ്ഥാപിക്കൽ (എസ് 148/2017) | 21600949 തീ.31.03.17 | 540498 | |
| കേരള വാട്ടർ അതോറിറ്റി | പള്ളത്തുപാറ കുടി വെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21600540/31.03.17 | 50000 | യു.സി ലഭിച്ചിട്ടില്ല |
| വാഴൂർ ബ്ലോക്ക്പഞ്ചായത്ത് | ഐ.എ.വൈ വിഹിതം | 3/16-17/23.2.17 | 100000 | യു.സി ലഭിച്ചിട്ടില്ല |
| ജില്ലാ പ്രോജക്റ്റ് ഓഫീസർ, സാക്ഷരതാമിഷൻ | എസ്.എസ്.എ വിഹിതം (ജനറൽ) | 330176/ 2.11.16 | 400000 | |
| ജില്ലാ പ്രോജക്റ്റ് ഓഫീസർ, സാക്ഷരതാമിഷൻ | എസ്.എസ്.എ വിഹിതം (എസ്.സി.പി) | 330103/ 2.11.16 | 100000 | |
| ആകെ | | | 1473720 | |

മേൽ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്ത സാഹചര്യത്തിൽ ടിയിനത്തിലെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ആശ്രയ പ്രോജക്ട് -നിർവ്വഹണം നടത്തിയിട്ടില്ല

പ്രോജക്ട് നം.-എസ് 26/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ --400000-രൂപ (വികസനഫണ്ട് ജനറൽ)
ചെലവ്-400000/-രൂപ (ബിൽ.നം.11/16-17,തീ.31.10.2016).

2016-17 വർഷം ആശ്രയ പ്രോജക്ടിനായി വകയിരുത്തിയ 400000/-രൂപ കുടുംബശ്രീയുടെ ആശ്രയ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. നാളിതുവരെ പ്രോജക്ട് നിർവഹണം നടത്തിയിട്ടില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം(12) യുടെ മറുപടിയിൽ ആശ്രയ രണ്ടാം ഘട്ട പദ്ധതിക്ക് 2016-17 കാലയളവിലാണ് അംഗീകാരം ലഭിച്ചതെന്നും 2015-16, 2016-17 കാലയളവിൽ വികസനഫണ്ടിനത്തിൽ ലഭിച്ച 800000/-രൂപയിൽ 5 ഗുണഭോക്താക്കൾക്കായി വീട് മെയിന്റനൻസിന് ആകെ 125000/-രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സമ്പൂർണ അഗതി പുനരധിവാസം, അടിസ്ഥാന സൗകര്യങ്ങളും അതിജീവനോപാധികളും നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അഗതി കുടുംബങ്ങളെ എത്തിക്കുക മുതലായ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. വികസനഫണ്ടിനത്തിൽ ലഭിച്ച തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-9 തൊഴിലുറപ്പ് പദ്ധതി

ഗ്രാമ പഞ്ചായത്തിലെ 2015-16 ലേയ്ക്കുള്ള വാർഷിക കർമ്മ പദ്ധതി പ്രകാരം പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നൽകി മഴക്കുഴി നിർമ്മാണം, കൈയാല നിർമ്മാണം, വൃക്ഷതൈ നട്ടു പിടിപ്പിക്കൽ എന്നീ പ്രവൃത്തികൾ നടപ്പിലാക്കി. തൊഴിൽ കാർഡ് നൽകുന്നതിനായി ലഭിച്ച 72 അപേക്ഷകർക്കും തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ആകെ 15450 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും, 18723 (21% അധികം പ്രവൃത്തി ചെയ്തു) തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു. തൻവർഷം 7795434/ രൂപ ലേബർ ചാർജിനത്തിലും 167106/-രൂപ മെറ്റീരിയൽ ചാർജിനത്തിലുമായി ചെലവഴിച്ചു. 2016-17 ലേയ്ക്കുള്ള വാർഷിക കർമ്മ പദ്ധതി പ്രകാരമുള്ള പ്രവത്തികൾ നടപ്പിലാക്കുന്നതിലും തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിലും സ്ഥായിയായ സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുന്നതിലും വേണ്ടത്ര പുരോഗതി കൈവരിക്കാൻ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലൂടെ സാധിച്ചിട്ടില്ലയെന്ന് പൊതുവായ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 135000 | അംഗനവാടി പോഷകാഹാരം (എസ് ഒ 40/17) | 135000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 67562 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (എസ് ഒ 48/17) | 67562 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 90000 | സാന്ത്വന പരിചരണം (എസ് ഒ 46/17) | 90000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 432500 | ഓ.ഡി.എഫ് കക്കൂസ് നിർമ്മാണം | 391500 | 41000 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വെള്ളാവൂർ ഗ്രാമ പഞ്ചായത്തിലെ വിവിധവാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (എസ് 148/2017) | 21600879<br>21600947<br>21600949 | 48720<br>234502<br>540498 | യു.സി ലഭിച്ചിട്ടില്ല | 0 |
| കേരള വാട്ടർ അതോറിറ്റി | പള്ളത്തുപാറ കുടി വെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21600540 | 50000 | യു.സി ലഭിച്ചിട്ടില്ല | 0 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

### 4-4 വായ്പ /വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ഇ.എം.എസ് ഭവന പദ്ധതി | 1317/10 തീയതി 16.04.10 | 4027500 | 99235 | 99235 | 0 | 162087 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഈടാക്കിയ 2155 രൂപയുടെ വിശദാംശം താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | രശീത് നം./ തീയതി |
|---|---|---|---|---|
| 15-16 | 3-2 | 2155 | കെ.സി.എബ്രഹാം | Rt No. 11603101800/ 12.12.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-00 45,46,47 | 2002-03 | കമ്പ്യൂട്ടർ സെന്റർ പദ്ധതി | വ്യക്തമല്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 43627736 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38348610 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1864636 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 140000 | ശ്രീ.എച്ച്.മുഹമ്മദ് സലിം, സെക്രട്ടറി |
| 3-3 | 100000 | ശ്രീമതി നിമ്മി ജേക്കബ്, അസി.സെക്രട്ടറി |
| 3-4 | 95308 | ശ്രീമതി ജാസ്മിൻ, ഹെഡ്മിസ്ട്രസ് |
| 3-5 | 51744 | ഡോ.വിദ്യ എൽ.എം., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-6 | 3864 | ഡോ.ബേനസീർ കെ.ഐ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-7 | 1473720 | 5,00,000/- ശ്രീമതി ഷോളി ഫിലിപ്പ്, അസി.സെക്രട്ടറി (സെക്രട്ടറിയുടെ അധിക ചുമതല)<br>9,73,720/- ശ്രീ.എച്ച്.മുഹമ്മദ് സലീം, സെക്രട്ടറി |
| ആകെ | 1864636 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ- ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 ചെലവ് | എൽ.എഫ്.കെ.പി4-352/2001/17.2.14/3.3.04 |
| 1998-99 | എൽ.എഫ്.കെ.പി4-934/02/31.12.04/5.1.05 |
| 1999-2000 | എൽ.എഫ്.കെ.പി4-1168/01/20.5.2006/30.6.2006 |
| 1999-00—01-02 പ്ലാൻ കണക്കുകൾ | എൽ.എഫ്.കെ.പി4-817/03/6.4.04/14.5.04 |
| 2000-01 | എൽ.എഫ്.കെ.പി5-1160/07/15.12.08/12.1.09 |
| 2001-02 | എൽ.എഫ്.കെ.പി5-1161/07/15.12.08/9.1.09 |
| 2002-03 | എൽ.എഫ്.കെ.പി5-793/08/9.7.09 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി5-794/08/23.2.11/അദാ. |
| 2004-05 | എൽ.എഫ്.കെ.പി5-795/08/9.7.09 |
| 2005-06 | എൽ.എഫ്.കെ.പി5-760/09/19.11.09/6.8.10 |
| 2006-07 | എൽ.എഫ്.കെ.പി5-960/അദാ./11 |
| 2007-08 | എൽ.എഫ്.കെ.പി5-519/10/14.5.12 |
| 2008-09 | എൽ.എഫ്.കെ.പി5-520/10/15.5.12 |
| 2009-10,2010-11 | എൽ.എഫ്.കെ.പി5-1143/12/4.5.13 |
| 2011-12,12-13 | കെ.എസ്.എ.കെ.ടി.എം.പി5/1560/15/31.3.16 |
| 2013-14 | എൽ.എഫ്.കെ.പി5-612/2015/3.2.16 |
| 2014-15 | കെ.എസ്.എ.കെ.ടി.എം. പി5/725/16/15.6.16 |
| 2015-16 | കെ.എസ്.എ.കെ.ടി.എം.പി5/1797/16/15.12.16 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെഎസ്എ.കെടിഎം.പി.**5-991/2017**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ : **0482564886**

ഇ മെയിൽ : **doktm.ksad@kerala.gov.in**

തീയതി:**17.07.2017**

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷികധനകാര്യപത്രിക, വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം